## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1991** — **17.06.2014-ൽ മറുപടിയ്ക്ക്**

# കെ. എസ്. ഇ. ബി കമ്പനിവത്ക്കരണവും സബ്സിഡികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് കമ്പനി വത്ക്കരണം നടന്ന സംസ്ഥാന ങ്ങളിലെല്ലാം വർഷാവർഷം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കു ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) സേവന രംഗമെന്ന കാഴ്ചപ്പാട് കൈവിട്ട് ലാഭനഷ്ടങ്ങളുടെയടി സ്ഥാനത്തിൽ കേരളത്തിലും കമ്പനി ജനങ്ങളുടെ മേൽ അധിക വൈദ്യുതി ചാർജ് ഭാരം ഉണ്ടാക്കില്ലെന്നും നിലവിൽ നൽ കുന്ന സബ്സിഡികൾ തുടരു മെന്ന് ഉറപ്പാക്കാൻ കഴിയുമോ യെന്നും വിശദമാക്കുമോ ? | (ബി) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് നിശ്ചയിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. 2002 -ൽ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ രൂപീകൃതമായതു മുതൽ സംസ്ഥാനത്ത് ഇലക്ട്രിസിറ്റി താരിഫ് നിശ്ചയിക്കുന്നത് റെഗുലേറ്ററി കമ്മീഷനാണ്. ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് യാതൊരു അധികാരവുമില്ല. തുടർന്നും വൈദ്യുതി ബോർഡിന്റെ താരിഫ് നിശ്ചയിക്കുന്നത് ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വ്യവസ്ഥകൾ അനുസരിച്ച് കമ്മീഷൻ തന്നെയാണ്.<br><br>ഇലക്ട്രിസിറ്റി ബോർഡിന്റെ വാർഷിക വരവും, ചെലവും വിശദമായി പരിശോധിച്ച്, പൊതുജനാഭിപ്രായവും തേടിയാണ് കമ്മീഷൻ നിരക്കുകൾ നിശ്ചയിക്കുന്നത്. ഇലക്ട്രിസിറ്റി ആക്ടിലെ ഖണ്ഡിക 65 പ്രകാരം, സബ്സിഡി മുൻകൂർ നൽകി കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകാൻ ഗവൺമെന്റിന് അധികാരമുണ്ട്. ടി വ്യവസ്ഥകൾ പ്രകാരം നിലവിൽ പ്രതിമാസം 120 യൂണിറ്റുവരെ |

വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും, എൽ.റ്റി. കാർഷിക ഉപഭോക്താക്കളെയും സബ്സിഡി നൽകി 2012 ജൂലൈ 1 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

കൂടാതെ, 500 വാട്ടിൽ താഴെ കണക്റ്റഡ് ലോഡ് ഉള്ളതും, പ്രതിമാസം 20 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായാണ് വൈദ്യുതി നൽകുന്നത്. കൂടാതെ 500 വാട്ട് വരെ കണക്റ്റഡ് ലോഡ് ഉള്ള ബി.പി.എൽ. ഉപഭോക്താക്കളെയും, 1000 വാട്ട് വരെ കണക്റ്റഡ് ലോഡ് ഉള്ള എസ്.സി/എസ്.റ്റി ഉപഭോക്താക്കളെയും വൈദ്യുതി കണക്ഷൻ ചാർജ്ജ് ഈടാക്കാതെ തന്നെയാണ് വൈദ്യുതി കണക്ഷൻ നൽകുന്നത്. തുടർന്നും ഇലക്ട്രിസിറ്റി ആക്റ്റിലെ ഖണ്ഡിക 65 പ്രകാരം മേൽപറഞ്ഞ സബ്സിഡികളും, ഇളവുകളും തുടരുന്നതിന് ഉചിതമായ നടപടികൾ സർക്കാരിന് സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.